**ചെയർമാൻ ,ജില്ലാദുരന്തനിവാരണ അതോറിറ്റി & ജില്ലാകലക്ടർ,കോഴിക്കോടിൻെറ നടപടിക്രമം**

(ഹാജർ -എസ് സാംബശിവറാവു ഐ എ എസ്)

**

വിഷയം :കോവിഡ് 19-രോഗ വ്യാപനം തടയുന്നത്- കർശന നിയന്ത്രണങ്ങൾ ഞായറാഴ്ചകളിൽ ലോക്ക് ഡൗൺ ഏർപ്പെടുത്തിക്കൊണ്ട് ഡിസാസ്റ്റർ മാനേജ്മെൻറ് ആക്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന : 1) 17/4/2021 ന് ബഹു.ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോർ കമ്മിറ്റി യോഗത്തിലെ തീരുമാനങ്ങൾ

**********************************************************************************

**ഉത്തരവ് നമ്പർ : DCKKD/4545/2020/F4 Dated : 17/04/2021**

**********************************************************************************

കോഴിക്കോട് ജില്ലയിൽ കോവിഡ് 19-ന്റെ വ്യാപനം അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ കോവിഡ് വ്യാപനം തടയുന്നതിനും 2020 ലെ കേരള എപ്പിഡമിക് ഡിസീസ് ഓർഡിനൻസ് സെക്ഷൻ 4 പ്രകാരം പകർച്ചവ്യാധി പടരുന്നത് തടയാനുമായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടർ കൂടിയായ എസ്. സാംബശിവറാവു ഐ.എ.എസ് എന്ന ഞാൻ 2005 ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 34(a,b) പ്രകാരം താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു .

**ഉത്തരവ്**

- കോഴിക്കോട് ജില്ലയിൽ 18/4/2021 മുതൽ എല്ലാ ഞായറാഴ്ചകളിലും ഇനിയൊരുത്തരവ് ഉണ്ടാവുന്നത് വരെ താഴെപറയുന്ന നിയന്ത്രണങ്ങൾ വരുത്തികൊണ്ട് ഉത്തരവാകുന്നു.
- പൊതുജനങ്ങൾ വളരെ അത്യാവശ്യകാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങാൻ പാടുള്ളതല്ല
- ഞായറാഴ്ചകളിൽ കൂടിചേരലുകൾ 5 പേരിൽ മാത്രം ചുരുക്കേണ്ടതാണ് .
- അവശ്യവസ്തുക്കളുടെ സേവനങ്ങളുടെ കടകളും സ്ഥാപനങ്ങളും മാത്രം വൈകിട്ട് 7.00 മണിവരെ പ്രവർത്തിപ്പാക്കാവുന്നതാണ് .
- ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും സാധരണനിലയിൽ പ്രവർത്തിക്കുന്നതാണ് .
- മേൽപറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളും ഒഴികെയുള്ള എല്ലാവിധ സ്ഥാപനങ്ങളും , പൊതു പ്രദേശങ്ങളും (ബീച്ച് ,പാർക്ക് &ടൂറിസം പ്രദേശങ്ങൾ ഉൾപ്പെടെ ) തുറന്ന് പ്രവർത്തിക്കാൻ പാടുള്ളതല്ല.
- പൊതുഗതാഗത സംവിധാനം സാധാരണനിലയിൽ പ്രവർത്തിക്കുന്നതാണ് .

മേൽ പറഞ്ഞിരിക്കുന്ന നിയന്ത്രണങ്ങൾ ലംഘിക്കുകയാണെങ്കിൽ 2005 ലെ ദുരന്തനിവാരണ നിയമത്തിൻറെ 51 മുതൽ 60 വരെയുള്ള വകുപ്പുകൾ പ്രകാരവും, ഇന്ത്യൻ പീനൽ കോഡിൻറെ 188-ാം വകുപ്പ് പ്രകാരവും, ഉചിതമായ മറ്റ് ചട്ടങ്ങൾ പ്രകാരവും നിയമനടപടികൾക്ക് വിധേയമാകേണ്ടിവരും.

Sambasiva Rao S. (signature)

ജില്ലാ കലക്ടർ

പകർപ്പ് :

1. ജില്ലാപോലീസ് മേധാവികൾ
2. എല്ലാ താലൂക്ക് തഹസിൽദാർമാർക്കും
3. എല്ലാ നോഡൽ ഓഫീസർമാർക്കും
4. ജില്ലാമെഡിക്കൽ ഓഫീസർ (ആരോഗ്യം)
5. ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ,കോഴിക്കോട്